3862
9/10/18

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന 4643 എൻഡോസൾഫാൻ ദുരിതബാധിതർക്ക് 1000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(കൈ) നം. 22/2018/സാനീവ തീയതി. തിരുവനന്തപുരം, 07/10/2018.

=================================================================

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന 4643 എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒറ്റത്തവണ ധനസഹായമായി 1000/-രൂപ (ആയിരം രൂപ മാത്രം) വീതം അനുവദിച്ച് നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുപ്രഭാകർ.ഐ.എ.എസ്.**
സ്പെഷ്യൽ സെക്രട്ടറി.

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
ധനകാര്യ വകുപ്പ് (WW2/346/2017/FIN dated 19/8/2018 പ്രകാരം)
ആരോഗ്യവകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്.(03.10.2018 ലെ ഇനം.2517 പ്രകാരം)
വിവര-പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 03-10-2018**

ഫയൽ നം.സി2/228/2018/സാ.നീ.വ. ഇനം നം: 2517

വിഷയം : സാമൂഹ്യനീതി വകുപ്പ് - എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

Submit draft order

03/10/18

3/10

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 01 | ഫയൽ | : | സി2/228/2018/സാനീവ |
| 02 | വകുപ്പ് | : | സാമൂഹ്യനീതി (സി) വകുപ്പ് |
| 03 | വിഷയം | : | സാമൂഹ്യനീതി വകുപ്പ് - എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായം - സംബന്ധിച്ച്. |
| 04 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/09/2018 |
| 05 | (i) സാമ്പത്തികബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 06 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ബാധകമല്ല |
| 07 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ലീലാമണി.കെ.എം. |
| 08 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിജുപ്രഭാകർ |
| 09 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 14/09/2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/09/2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29/09/2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 01/10/2018. |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണ ധനസഹായം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കാസർഗോഡ് ജില്ലയിലെ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതർക്ക് 2016-ൽ 05/09/2016-ലെ ജി.ഒ.(എം.എസ്) നം.45/2016/സാനീവ പ്രകാരവും, 2017 ൽ 26/08/2017 ലെ ജി.ഒ.(എം.എസ്) നം.38/2017/സാനിവ പ്രകാരവും ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണ ധനസഹായമായി 1000/-രൂപ വീതം അനുവദിച്ച് ഉത്തരവായിരുന്നു.

3) ഈ വർഷത്തെ ഓണത്തോടനുബന്ധിച്ചും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒറ്റത്തവണ ധനസഹായം നൽകുവാൻ സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചിരുന്നു. ആയതു പ്രകാരം ധനകാര്യവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം ലഭ്യമാക്കി.

**"കഴിഞ്ഞ രണ്ടു വർഷങ്ങളിലും നൽകിയതുപോലെ കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം (ഒറ്റത്തവണയായി 1000/- രൂപ വീതം) ഈ വർഷവും ഓണത്തീയതിയ്ക്കു മുൻപ് അനുവദിക്കാവുന്നതാണ്."**

4) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 7/9/2018-ൽ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി.

കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന 4643 എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒറ്റത്തവണ ധനസഹായമായി 1000/-രൂപ (ആയിരം രൂപ മാത്രം) വീതം അനുവദിച്ച് നൽകുന്നതിന് സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകാമോ?

**GOVERNMENT OF KERALA**
**(SHRI.PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 01 | File No. | : | C2/228/2018/SJD |
| 02 | Department | : | Social Justice (C) Department |
| 03 | Subject | : | Social Justice Department- Special Financial Assistance to Endosulfan Victims – reg. |
| 04 | Date of Chief Minister's order for placing before the Council | : | 07/09/2018 |
| 05 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 06 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | NA |
| 07 | Name of Additional Secretary who submitted the Draft Note | : | Smt.Leelamani.K.M. |
| 08 | Name of Special Secretary who approved the Draft Note | : | Shri.Biju Prabhakar |
| 09 | Date of approval of the Draft Note for the Council by the Special Secretary | : | 14/09/2018 |
| 10 | Name of Chief Secretary who approved the Draft Note | : | Shri.Tom Jose |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 29/09/2018 |
| 12 | Name of Minister who approved the Draft Note | : | Smt.K.K.Shailaja Teacher |
| 13 | Date of approval of the Draft Note for the Council by the Minister | : | 29/09/2018 |
| 14 | Date of submission of fair copies | : | 01.10.2018 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./ letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note deals with sanctioning of Financial Assistance to the Endosulfan Victims in Kasaragod District in connection with Onam.

2) One time financial assistance of Rs.1000/- was sanctioned to Endosulfan victims in Kasaragod District who are recipients of pension from the Kerala Social Security Mission, during 2016 and 2017, in connection with Onam, vide G.O(Ms)No.45/2016/SJD dated 5/9/2016 and G.O(Ms)No.38/2017/SJD dated 26/08/2017 respectively.

3) Social Justice Department has decided to sanction one-time financial assistance to Endosulfan victims in connection with Onam, during this year also. The file was forwarded to Finance Department for concurrence. The Finance Department has offered the following remarks. **"കഴിഞ്ഞ രണ്ടു വർഷങ്ങളിലും നൽകിയതുപോലെ കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം (ഒറ്റത്തവണയായി 1000/- രൂപ വീതം) ഈ വർഷവും ഓണത്തീയതിക്കു മുൻപ് അനുവദിക്കാവുന്നതാണ്."**

4) The Hon. Chief Minister has ordered to place the matter before the Council of Ministers, on 7/9/2018.

## POINT FOR DECISION

Whether sanction may be accorded to the Executive Director, Kerala Social Security Mission to grant one-time financial assistance of Rs.1000/- (Rupees One Thousand only) each to the 4643 Endosulfan victims who are recipients of pension from the Kerala Social Security Mission?